**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 154** | **28.05.2019-ൽ മറുപടിക്ക്** |
|---|---|

**കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ**

| | **ചോദ്യം**<br>**ശ്രീ. രാജു എബ്രഹാം** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|---|---|
| (എ) | കുട്ടികൾക്ക് നേരേയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഇത്തരത്തിലുള്ള ഏത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | NGO കളുടെ നല്ലരീതിയിലുള്ള പ്രവർത്തനങ്ങളും, പൊതുസമൂഹത്തിൽ ഇക്കാര്യത്തിലുള്ള ജാഗ്രതയും കാരണം കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും അങ്ങനെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷം 4008 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള അതിക്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി വരുന്നതും, ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ആയാൽ ടി കേസിലെ പ്രതികൾക്കെതിരെ പോക്സോ ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട് തുടങ്ങിയ നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ നിശ്ചിത സമയപരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചും പ്രതികൾ രക്ഷപ്പെടുന്നതിനുള്ള അവസരം ഒഴിവാക്കി വിചാരണ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ